"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് പരുത്തൂർ സി.ഇ.യു.പി സ്കൂളിലെ അദ്ധ്യാപിക (റിട്ട.) ശ്രീമതി. ചന്ദ്രിക ടി.ആർ.ന്റെ അവധി ഒഴിവിലെ സേവനം പെൻഷൻ ആനുകൂല്യങ്ങൾക്ക് കണക്കാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.4045/2026/GEDN** തീയതി,തിരുവനന്തപുരം, 19-06-2026

---

പരാമർശം:-
1. സ.ഉ. (സാധാ) നം. 2369/2025/പൊ.വി.വ, തീയതി 31/03/2025.
2. സ.ഉ. (സാധാ) നം. 4386/2025/പൊ.വി.വ, തീയതി 02/07/2025.
3. പാലക്കാട് പരുത്തൂർ സി.ഇ.യു.പി സ്കൂളിലെ അദ്ധ്യാപിക(റിട്ട.) ശ്രീമതി ചന്ദ്രിക ടി.ആർ. സർക്കാരിൽ സമർപ്പിച്ച 17/04/2025 തീയതിയിലെ അപേക്ഷ.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 18/02/2026 തീയതിയിലെ പി.ബി.3/3998/2024/ഡി.ജി.ഇ. നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട്, പരുത്തൂർ സി.ഇ.യു.പി സ്കൂളിലെ (റിട്ട.) അദ്ധ്യാപിക ശ്രീമതി. ചന്ദ്രിക ടി. ആർ. 15/07/1988 ന് റഗുലർ സേവനത്തിൽ പ്രവേശിക്കുന്നതിന് മുമ്പുള്ള ഭംഗം വരാത്ത 11/06/1987 മുതൽ 14/07/1988 വരെയുള്ള അവധി ഒഴിവിലെ സേവനകാലം പെൻഷൻ ആനുകൂല്യങ്ങൾക്ക് കണക്കാക്കുന്നതിന് പരാമർശം (1), (2) എന്നിവ പ്രകാരം ഉത്തരവായിരുന്നു. ടിയാൾക്ക് 23/08/1984 മുതൽ 13/02/1987 വരെ വിവിധ ഘട്ടങ്ങളിലുള്ള ഭംഗം വന്ന സേവനം കൂടി പെൻഷൻ ആനുകൂല്യങ്ങൾക്ക് കണക്കാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് ടിയാൾ പരാമർശം (3) അപേക്ഷ സർക്കാർ മുൻപാകെ സമർപ്പിച്ചിരുന്നു.

അക്കൗണ്ടന്റ് ജനറൽ, കേരള 04/11/2025 തീയതിയിലെ PR-21019285285/P-2/4 നമ്പർ പ്രകാരം ടിയാളുടെ യോഗ്യ സേവനകാലം 31 വർഷം 01 മാസം 21 ദിവസം എന്ന് കണക്കാക്കി പെൻഷൻ, ഡി.സി.ആർ.ജി. ആനുകല്യങ്ങൾ അനുവദിച്ച് നൽകിയിരുന്നു. ജി.ഒ.(എംഎസ്)നം.401/2015 പ്രകാരം 10/08/2018 തീയതി മുതൽ വിരമിക്കുന്നവർക്കു മാത്രമേ, ലീവ് വേക്കൻസി പീരിയഡ് പെൻഷനു പരിഗണിക്കേണ്ട എന്നുള്ള നിബന്ധന ബാധകമാകു എന്നതിനാൽ 31/07/2018-ന് സൂപ്പർആനുവേഷൻ പ്രകാരം വിരമിച്ച തനിക്ക് മുഴുവൻ ലീവ് വേക്കൻസി കാലയളവും (23/08/1984 മുതൽ 13/02/1987 വരെ വിവിധ ഘട്ടങ്ങളിലുള്ള ഭംഗം വന്ന സേവനം) യോഗ്യകാലമായി കണക്കാക്കി ആകെ 33 വർഷത്തെ ഡി.സി.ആർ.ജി. ആനുകല്യം ലഭ്യമാക്കണമെന്നാണ് പരാമർശം (3) പ്രകാരമുള്ള ശ്രീമതി. ചന്ദ്രിക ടി.ആർ. ന്റെ അപേക്ഷ. ശ്രീമതി. ചന്ദ്രിക ടി.ആർ. പാലക്കാട്, പരുത്തൂർ സി.ഇ.യു.പി സ്കൂളിൽ 23/08/1984 മുതൽ

14/07/1988 വരെ വിവിധ ഘട്ടങ്ങളിലുള്ള അവധി ഒഴിവുകളിലായി 2 വർഷം 5 മാസം 17 ദിവസം ജോലി ചെയ്തിട്ടുള്ളതായി ഡയറക്ടർ പരാമർശം (4) റിപ്പോർട്ടിൽ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ, ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീമതി. ചന്ദ്രികയുടെ സേവനപുസ്തക പ്രകാരം ടിയാൾക്കു 23/08/1984 മുതൽ 14/07/1988 വരെ പല കാലയളവിലായി ലീവ് വേക്കൻസി സർവീസുണ്ട്. 15/07/1988 മുതൽ ടിയാൾ റഗുലർ സേവനത്തിൽ പ്രവേശിച്ചിട്ടുണ്ട്. 18/07/1962 ജനന തീയതിയായുള്ള ശ്രീമതി ചന്ദ്രികയുടെ സൂപ്പർആനുവേഷൻ തീയതി 31/07/2018-ന് ആയതിനാൽ 28/10/2019 ലെ ജി.ഒ (എം.എസ്) 401/2019/ഫിൻ പ്രകാരം ശ്രീമതി. ചന്ദ്രിക ടി. ആർ അവധി ഒഴിവിൽ സേവനമനുഷ്ഠിച്ചിരുന്ന 23/08/1984 മുതൽ 14/07/1988 വരെ പല കാലയളവിലുള്ള ലീവ് വേക്കൻസി കാലയളവ് ഡി.സി.ആർ.ജി. ഉൾപ്പെടെയുള്ള പെൻഷൻ ആനുകൂല്യങ്ങൾക്ക് പരിഗണിക്കാവുന്നതാണ്.

മേൽ സാഹചര്യത്തിൽ, പാലക്കാട്, പരുതൂർ സി.ഇ.യു.പി സ്കൂളിലെ (റിട്ട.) അദ്ധ്യാപിക ശ്രീമതി. ചന്ദ്രിക ടി. ആർ. 23/08/1984 മുതൽ 14/07/1988 വരെ വിവിധ കാലയളവുകളിലായി അവധി ഒഴിവിൽ സേവനമനുഷ്ഠിച്ചിരുന്ന ലീവ് വേക്കൻസി കാലയളവ് ഡി.സി.ആർ.ജി. ഉൾപ്പെടെയുള്ള പെൻഷൻ ആനുകൂല്യങ്ങൾക്ക് പരിഗണിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി, ടിയാൾ സർക്കാരിൽ സമർപ്പിച്ചിരുന്ന പരാമർശം (3) അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം - 695 014.
വിദ്യാഭ്യാസ ഡയറക്ടർ, പാലക്കാട് - 678 001.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, പട്ടാമ്പി, പാലക്കാട് ജില്ല - 679 303.
മാനേജർ, സി.ഇ.യു.പി സ്കൂൾ, പരുതൂർ, പാലക്കാട് - 679 305.
പ്രഥമാദ്ധ്യാപകൻ, സി.ഇ.യു.പി സ്കൂൾ, പരുതൂർ, പാലക്കാട് - 679 305.
ശ്രീമതി ചന്ദ്രിക ടി.ആർ., കുറുവാൻതൊടി വീട്, പരുതൂർ പി.ഒ., പാലക്കാട് - 679 305.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്), തിരുവനന്തപുരം.
ധന വകുപ്പ് (3002884/ EDN-A3/430/2024-FIN, തീയതി 29/04/2026).
വിവര പൊതുജന സമ്പർക്ക ( വെബ്ബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ (GEDN-B3/65/2024-G.EDN)

ഉത്തരവിൻ പ്രകാരം

**Signed by Ragasmitha V M**
**Date: 22-06-2026 10:57:57**
സെക്ഷൻ ഓഫീസർ